REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പത്ത് സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും സംഘവും തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ഇന്ന് വിലയിരുത്തും.**
- **കേരളത്തിന്റെ സ്വന്തം വൈദ്യുതി K-E സൈക്കിൾ വൈകിട്ട് മന്ത്രി V.N വാസവൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **കോഴിക്കോട് പേരാമ്പ്രയിലെ ' ചേർമല കേവ് പാർക്ക് ' ടൂറിസം പദ്ധതി നാളെ വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ ഒന്നാം ഗ്രൂപ്പിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും.**

## വാർത്തകൾ വിശദമായി

പത്ത് സംസ്ഥാനങ്ങളിലെ ഒഴിവുവരുന്ന 37 രാജ്യസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇന്ന് മുതൽ മാർച്ച് അഞ്ചുവരെയാണ് നാമനിർദേശപത്രികാ സമർപ്പണം. മാർച്ച് 16നാണ് വോട്ടെടുപ്പ്. മഹാരാഷ്ട്രയിലെ ഏഴ് , തമിഴ്നാട്ടിലെ ആറ്, ബിഹാറിലെയും പശ്ചിമ ബംഗാളിലെയും അഞ്ച് വീതം സീറ്റുകളിലും തെരഞ്ഞെടുപ്പ് നടത്തും. ഇതിന് പുറമെ ഒഡിഷയിലെ നാല്, അസമിലെ മൂന്ന്, തെലങ്കാന, ഛത്തീസ്ഗഢ്, ഹരിയാന എന്നിവിടങ്ങളിലെ രണ്ട് വീതം സീറ്റുകൾ, ഹിമാചൽ പ്രദേശിലെ ഒരു സീറ്റ് എന്നിവിടങ്ങളിലും തിരഞ്ഞെടുപ്പ് ഉണ്ടാകും.

കേന്ദ്രമന്ത്രിമാരായ രാമനാഥ് ഠാക്കൂർ, രാമദാസ് അതാവലെ , രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ കൂടിയായ ഹരിവൻശ്, NCP നേതാവ് ശരത്പവാർ, കോൺഗ്രസ് നേതാവ് അഭിഷേക് മനുസിംഗ്വി, അണ്ണാDMK നേതാവ് M തമ്പിദുരൈ, DMK നേതാവ് തിരുച്ചി ശിവ, തുടങ്ങിയവർ കാലാവധി പൂർത്തിയാക്കുന്ന രാജ്യസഭാംഗങ്ങളാണ്.

✪✪✪

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും സംഘവും തമിഴ്നാട് നിയമസഭാ ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ ഇന്ന് ചെന്നൈയിലെത്തും. തെരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധുവും, ഡോ. വിവേക് ജോഷിയും അടങ്ങുന്ന സംഘം ജില്ലാ കലക്ടർമാർ, മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. തമിഴ്നാട്ടിൽ 234 നിയമസഭാ മണ്ഡലങ്ങളുണ്ട്. രണ്ട് ദിവസം മുമ്പ് പുറത്തിറക്കിയ SIR പട്ടിക പ്രകാരം സംസ്ഥാനത്തെ ആകെ വോട്ടർമാരുടെ എണ്ണം അഞ്ച് കോടി 67 ലക്ഷമാണ്.

✪✪✪

വ്യക്തിയുടെ അനുമതിയില്ലാതെ ഒരാളുടെ മുഖം, ശബ്ദം, വ്യക്തിത്വം എന്നിവ ഉപയോഗിച്ച് AI ചിത്രങ്ങളും വീഡിയോകളും ശബ്ദവും നിർമിക്കരുതെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് നിർദേശിച്ചു. ന്യൂഡൽഹിയിൽ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ ഉള്ളടക്കത്തിന്റെ ഉത്തരവാദിത്തം അതത് പ്ലാറ്റ്ഫോമുകൾ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പൗരന്മാരുടെയും കുട്ടികളുടെയും ഓൺലൈൻ സുരക്ഷ ഉറപ്പാക്കേണ്ടത് പ്ലാറ്റ്ഫോമുകളുടെ കടമയാണെന്നും ഉള്ളടക്കം നിർമ്മിക്കുന്നവർക്ക് അർഹമായ രീതിയിൽ വരുമാനം പങ്കുവെക്കാൻ പ്ലാറ്റ്ഫോമുകൾ തയ്യാറാകണമെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

സാമൂഹ്യശാസ്ത്രജ്ഞനും, എഴുത്തുകാരനും, അധ്യാപകനുമായിരുന്ന TK ഉമ്മൻ അന്തരിച്ചു. അദ്ദേഹത്തിന് 88 വയസ്സായിരുന്നു. ഡൽഹിക്കടുത്ത ഗുരുഗ്രാമിലെ വസതിയിലായിരുന്നു അന്ത്യം. വിദ്യാഭ്യാസ, സാഹിത്യ മേഖലകളിലെ സേവനങ്ങൾക്ക് 2008-ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്. ഇന്റർനാഷണൽ സോഷ്യോളജിക്കൽ അസോസിയേഷന്റെ 12-ാമത് പ്രസിഡന്റായിരുന്നു TK ഉമ്മൻ.

✪✪✪

കർണാടകയിലെ ശിവമോഗയിൽ വിദ്യാനഗറിലെ FM ട്രാൻസ്മിറ്റർ സെന്ററിൽ പുതിയ 10 കിലോവാട്ട് ട്രാൻസ്മിറ്റർ സ്റ്റേഷൻ കേന്ദ്ര സഹമന്ത്രി ഡോ. L. മുരുകൻ ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. 101.4 മെഗാഹെട്സിൽ പ്രവർത്തിക്കുന്ന നിലയം ആകാശവാണി ഭദ്രാവതിയുടെ പ്രക്ഷേപണ കവറേജ് ഗണ്യമായി വർദ്ധിപ്പിക്കും.

✪✪✪

കണ്ണൂരിൽ KSU പ്രതിഷേധത്തിനിടയിൽ പരിക്കേറ്റ മന്ത്രി വീണാ ജോർജിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വീണാ ജോർജിന്റെ കഴുത്തിന് ക്ഷതമേറ്റതായി ജില്ലാ ആശുപത്രി സൂപ്രണ്ട് പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിനിൽ പറയുന്നു. സംഭവത്തോട് ബന്ധപ്പെട്ട് അഞ്ച് KSU പ്രവർത്തകരെ അറസ്റ്റ് ചെയ്തു. നഗരത്തിൽ ഇന്നലെ രാത്രി CPIM- കോൺഗ്രസ് പ്രവർത്തകർ തമ്മിലുണ്ടയ സംഘർഷത്തിലും കല്ലേറിലും അഞ്ചുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

✪✪✪

ആരോഗ്യ മന്ത്രിയുടെ കയ്യിലെ പരിക്ക് രണ്ട് ദിവസം മുൻപേ ഉണ്ടായിരുന്നെന്നും, മന്ത്രി പച്ചക്കള്ളം പ്രചരിപ്പിക്കുകയാണെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ ആലപ്പുഴയിൽ പറഞ്ഞു. പുതുയുഗ യാത്രയെ തകർക്കാൻ ശ്രമം നടക്കന്നുണ്ടെന്നും സതീശൻ കുറ്റപ്പെടുത്തി.

സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് ആലപ്പുഴ ജില്ലയിൽ പര്യടനം തുടരും. ജില്ലയിലെ അഞ്ചു നിയോജകമണ്ഡലങ്ങളിലാണ് ഇന്ന് സ്വീകരണങ്ങൾ.

✪✪✪

ആരോഗ്യമന്ത്രിക്ക് നേരെ ഒരു കയ്യേറ്റവും KSU പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് വ്യക്തമാക്കി. മന്ത്രിയുടെ ദേഹത്ത് ആരും സ്പർശിച്ചതായി പോലും ഒരു വീഡിയോയിലും കാണാൻ സാധിച്ചിട്ടില്ലെന്ന് കണ്ണൂർ വിമാനത്താവളത്തിൽ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ആരോഗ്യവകുപ്പിനെതിരെ ഉയരുന്ന പ്രതിഷേധങ്ങൾ തടയാൻ കെട്ടിച്ചമച്ചതാണ് ആരോപണങ്ങൾ എന്നും സണ്ണി ജോസഫ് അഭിപ്രായപ്പെട്ടു.

✪✪✪

ലോകോത്തര നിലവാരത്തിലേക്ക് ഉയർന്ന കേരളത്തിന്റെ ആരോഗ്യ രംഗം തകർക്കാൻ ഒരു വിഭാഗം ശ്രമം നടത്തുകയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആരോപിച്ചു. കേരളത്തിലെ ആശുത്രികളിൽ വൻ മൂലധന നിക്ഷേപം നടത്തുന്ന വിദേശ ലോബികൾക്ക് ചിലർ ഒത്താശ ചെയ്യുകയാണെന്നും അദ്ദേഹം ആലപ്പുഴയിൽ മാധ്യമങ്ങളോട് പറഞ്ഞു.

മന്ത്രി വീണ ജോർജിന് നേരെയുണ്ടായത് ബോധപൂർവമായ ആക്രമണമാണെന്നും സംസ്ഥാന ചരിത്രത്തിൽ ഇതുവരെ ഒരു വനിതാ മന്ത്രിയെ ഈ വിധത്തിൽ ആക്രമിച്ചിട്ടില്ലെന്നും MV ഗോവിന്ദൻ പറഞ്ഞു.

✪✪✪

കേരളത്തിന്റെ സ്വന്തം വൈദ്യുതി സൈക്കിൾ K-E സൈക്കിൾ വൈകിട്ട് മന്ത്രി V.N വാസവൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി സൗഹൃദ ഗതാഗതത്തിന് പുതിയ സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായാണ് K-E സൈക്കിൾ വിപണിയിലെത്തിക്കുന്നത്.

✪✪✪

കോഴിക്കോട് പേരാമ്പ്രയിലെ ചേർമല കേവ് പാർക്ക് ടൂറിസം പദ്ധതി നാളെ വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. ടൂറിസം വകുപ്പിന്റെ മൂന്ന് കോടി 32 ലക്ഷം രൂപ ചെലവഴിച്ചാണ് രണ്ട് ഏക്കറിലേറെ പ്രദേശം ആകർഷകമാക്കി മാറ്റിയത്. 'നരിമഞ്ച' എന്ന ചെങ്കൽ ഗുഹയാണ് ചേർമലയിലെ പ്രധാന ആകർഷണം. പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലാണ് ഗുഹ നവീകരിച്ചത്. അത്യാധുനിക സൗകര്യങ്ങളാണ് പാർക്കിൽ ഒരുക്കിയിരിക്കുന്നത്. ഓപ്പൺ എയർ തിയറ്റർ, മനോഹരമായ പാത്ത് വേകൾ, സ്റ്റേജ്, കഫ്റ്റീരിയ, ടിക്കറ്റ് കൗണ്ടർ, ടോയ്‌ലറ്റ് ബ്ലോക്ക്, ലാൻഡ്സ്കേപ്പിങ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 'ഗ്ലാസ് ബ്രിഡ്ജ്' സ്ഥാപിക്കാനും ടൂറിസം വകുപ്പ് ആലോചിക്കുന്നുണ്ട്.

✪✪✪

വയനാട്ടിൽ മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്ക് കോൺഗ്രസ് നിർമ്മിച്ചു നൽകുന്ന വീടുകൾക്ക് ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉച്ചകഴിഞ്ഞ് തറക്കല്ലിടും. വയനാട് കുന്നമ്പറ്റയിൽ എട്ട് സെന്റ് വീതം ഭൂമിയിൽ 1,100 സ്ക്വയർ ഫീറ്റ് വീടുകളാണ് കോൺഗ്രസ് നിർമിച്ച് നൽകുന്നത്.

കണ്ണൂരിലെത്തിയ രാഹുൽ ഗാന്ധി പേരാവൂർ തുണ്ടിയിൽ പാരിഷ് ഹാളിൽ കർഷകരുമായും, കർഷക സംഘടനാ നേതാക്കളുമായും കൂടിക്കാഴ്ച നടത്തി.

വയനാട് ദുരന്തത്തിൽ നഷ്ടമുണ്ടായ  കെട്ടിട ഉടമകൾക്ക് പ്രഖ്യാപിച്ച അഞ്ച് ലക്ഷം രൂപയുടെ ധനസഹായം പ്രിയങ്ക ഗാന്ധി MP ഇന്ന് കൈമാറും.

✪✪✪

പാലക്കാട് മണപ്പുള്ളിക്കാവ് വേല ഇന്ന് ആഘോഷിക്കുന്നു. നഗരത്തിലെ  നാല് ദേശങ്ങളിൽ നിന്ന് വേല എഴുന്നള്ളത്തുകൾ വൈകിട്ടോടെ കോട്ടമൈതാനത്ത് സംഗമിക്കും.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ്)..............

നഗരവേല എന്നറിയപ്പെടുന്ന പാലക്കാടിന്റെ സ്വന്തം ഉത്സവത്തിൽ കിഴക്കേ യാക്കര, പടിഞ്ഞാറേ യാക്കര, കൊപ്പം വടക്കന്തറ ദേശങ്ങളുടെ വേലകളാണ് കോട്ടമൈതാനത് സംഗമിക്കുക.ചമയച്ചന്തവുമായി അണിനിരക്കുന്ന ഗജവീരന്മാരും കൊട്ടിക്കയറുന്ന മേളപ്പെരുക്കവും ഇന്ന് നഗര സായ്ഹാനത്തെ ഉത്സവലഹരിയിലാഴ്ത്തും.ഇതിന് പുറമെ വണ്ടിവേഷങ്ങളും തട്ടിന്മേൽ കൂത്തും പ്രാചീന കലാരൂപങ്ങളുമെല്ലാം വേലക്കാഴ്ചകളുടെ വിസ്മയമാകും..വൈകീട്ട് മൂന്നരയ്ക്കും നാലിനും ഇടയിലാണ് ക്ഷേത്രങ്ങളിൽ എഴുന്നള്ളത്തുകൾ ആരംഭിക്കുക. വേലയോടനുബന്ധിച്ച് ഉച്ചയ്ക്ക് രണ്ടര മുതൽ രാത്രി 9 മണിവരെ നഗരത്തിൽ  ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ ഒന്നാം ഗ്രൂപ്പിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

ഒന്നാം ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ അഹമ്മദാബാദിൽ വെസ്റ്റ്ഇൻഡീസ്, ദക്ഷിണാഫ്രിക്കയെ നേരിടും.  ഉച്ചകഴിഞ്ഞ്  മൂന്നിനാണ് മത്സരം.

✪✪✪

കണ്ണൂർ മാങ്ങാട്ട് പറമ്പ് KAP നാലാം ബറ്റാലിയനിൽ  പരിശീലനം പൂർത്തിയാക്കിയ പോലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡ് പൂർത്തിയായി. സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ പരേഡിൽ അഭിവാദ്യം സ്വീകരിച്ചു.

പോലീസിന്റെ അടിസ്ഥാന മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ എല്ലാ സേനാംഗങ്ങളും  ബാധ്യസ്ഥരാണെന്ന് DGP പറഞ്ഞു. 369 പേരാണ്  പരിശീലനം പൂർത്തിയാക്കി  സേനയുടെ ഭാഗമായത്.

✪✪✪

കണ്ണൂർ നിയമസഭാ മണ്ഡലത്തിലെ വികസനം മുരടിപ്പിനെതിരെ BJP കണ്ണൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ കണ്ണൂർ തെക്കീ ബസാറിലെ ഓഫീസിലേക്ക് മാർച്ച് നടത്തി. ഓഫീസിനു മുന്നിൽ വെച്ച് പോലീസ് മാർച്ച് തടഞ്ഞു. ധർണ്ണ BJP സംസ്ഥാന സെക്രട്ടറി K രഞ്ജിത്ത് ഉദ്ഘാടനം ചെയ്തു.

✪✪✪

തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്കിൽ മറ്റന്നാൾ മുതൽ പൊതുജനങ്ങൾക്കും പ്രവേശനം അനുവദിക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. 28 ന് രാവിലെ A.K ശശീന്ദ്രൻ അടക്കം മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിലായിരിക്കും പൊതുജനങ്ങളുടെ ആദ്യ പ്രവേശനമെന്നും മന്ത്രി പറഞ്ഞു. രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെയായിരിക്കും പാർക്കിന്റെ പ്രവർത്തനം. തിങ്കളാഴ്ചകളിൽ അവധിയായിരിക്കും. മുതിർന്ന പൗരന്മാർക്ക് 50 രൂപയും, പ്രായപൂർത്തിയായവർക്ക് നൂറ് രൂപയും, അഞ്ച് മുതൽ 12 വരെ പ്രായക്കാർക്ക് 30 രൂപയുമായിരിക്കും ടിക്കറ്റ് നിരക്ക്. ഭിന്നശേഷിക്കാർക്ക് പ്രവേശനം സൗജന്യവുമായിരിക്കും. സ്കൂൾ അധികൃതരുടെ അനുമതിയോടെ യൂണിഫോമിൽ സംഘമായി എത്തുന്ന വിദ്യാർത്ഥികൾക്ക് ഇളവുകളോടെ പാക്കേജുകളും ഒരുക്കിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് കോർപ്പറേഷന്റെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന തുടരുന്നു. രണ്ടു ദിവസത്തെ പരിശോധനയിൽ 12 കെട്ടിടങ്ങൾക്ക് അടിയന്തര അറ്റകുറ്റപ്പണി ആവശ്യമാണെന്ന് കണ്ടെത്തി. മതിയായ പരിശോധനകൾ നടത്തി നഗരത്തിലെ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ജില്ലാ വ്യാപാരി വ്യവസായി സമിതി ആവശ്യപ്പെട്ടു.

✪✪✪

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് നിർമിച്ച പുതിയ കെട്ടിടം വൈകീട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നാടിന് സമർപ്പിക്കും. TP രാമകൃഷ്ണൻ MLA അധ്യക്ഷനാകും. ഷാഫി പറമ്പിൽ MP യാണ് മുഖ്യാതിഥി.

✪✪✪

കോഴിക്കോട് വലിയങ്ങാടിയിൽ കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ മരിച്ച കിണാശ്ശേരിയിലെ ജബ്ബാറിന്റെ വീട് മന്ത്രി PA മുഹമ്മദ് റിയാസ് സന്ദർശിച്ചു. കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു അപകടം. സംഭവത്തിൽ നാല് പേർ മരിച്ചു.

✪✪✪

മുരിങ്ങയെ നീലേശ്വരം നഗരസഭാ ബജറ്റിൽ നഗരസഭയുടെ ഔദ്യോഗിക വൃക്ഷമായി പ്രഖ്യാപിച്ചു. നഗരസഭയുടെ ഹരിതസമൃദ്ധിയും ജനങ്ങളുടെ ആരോഗ്യവും ലക്ഷ്യമിട്ടാണ് നടപടി. ഇതിന്റെ ഭാഗമായി ഓരോ വീട്ടിലും മൂന്ന് മുരിങ്ങത്തൈകൾ വെച്ചുപിടിപ്പിക്കുന്ന 'മുറ്റത്ത് മൂന്ന് മുരിങ്ങ' എന്ന പദ്ധതിക്ക് തുടക്കം കുറിക്കും. പിലിക്കോട്, പടന്നക്കാട് കാർഷിക ഗവേഷണ കേന്ദ്രങ്ങളിലെ വിദഗ്ധരുടെ സഹായത്തോടെ മുരിങ്ങയെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് പ്രാദേശിക വിപണി മുതൽ ആഗോള വിപണി വരെ എത്തിക്കുന്ന സമഗ്ര ചെറുകിട വ്യവസായ ശൃംഖലയാണ് നഗരസഭ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

✪✪✪

News Editor & News Reader : വി കെ സുരേഷ്,
NRTs: അനിൽ ചന്ദ്രൻ,സയ്യിദ് അലി ശിഹാബ്, പ്രവീൺ
DEO : സി കെ സുബോധ്